**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1782 — 22.03.2012 - ൽ മറുപടിയ്ക്ക്

## ഐസ്ക്രീം പാർലർ പീഡനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>,, എസ്. ശർമ്മ<br>,, എ. പ്രദീപ് കുമാർ<br>ശ്രീമതി. കെ.കെ. ലതിക | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ഐസ്ക്രീം പാർലർ പീഡനവുമായി ബന്ധപ്പെട്ട് കോഴിക്കോട്ട് രണ്ടു പെൺകുട്ടികൾ ട്രെയിനിനുമുന്നിൽ ചാടി ജീവനൊടുക്കാനിടയായ സംഭവത്തെകുറിച്ചുള്ള പുനരന്വേഷണം നടക്കുന്നുണ്ടോ; | (എ) 2 പെൺകുട്ടികൾ ട്രെയിനു മുന്നിൽ ചാടി ജീവനൊടുക്കിയ സംഭവത്തിൽ വെസ്റ്റ്ഹിൽ റെയിൽവേ സ്റ്റേഷൻ മാസ്റ്ററുടെ പരാതിയെ തുടർന്ന് നടക്കാവ് പോലീസ് സ്റ്റേഷനിൽ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതും അത് അന്ന് നടക്കാവ് പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടറായിരുന്ന കെ. ആർ. പ്രേമചന്ദ്രൻ, പി. വി. മണികണ്ഠകുമാർ എന്നിവർ അന്വേഷണം നടത്തി, 30.01.1997 തീയതി FAD ആക്കിയിരുന്നതുമാണ്; ഇതു സംബന്ധിച്ച് ഇപ്പോൾ പുനരന്വേഷണം നടക്കുന്നില്ല. |
| (ബി) കോഴിക്കോട് സിറ്റി പോലിസ് അസിസ്റ്റന്റ് കമ്മീഷണർ കോഴിക്കോട് ജുഡീഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ പുനരന്വേഷണം നടത്തേണ്ടതില്ലെന്നറിയിച്ചു കൊണ്ട് റിപ്പോർട്ട് നൽകിയിരുന്നുവോ; ഇദ്ദേഹമായിരുന്നുവോ യഥാർത്ഥ അന്വേഷണ ഉദ്യോഗസ്ഥൻ; | (ബി) ബഹു: ജുഡീഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി IV കോഴിക്കോട് ഇത് സംബന്ധിച്ച് റിപ്പോർട്ട് ആവശ്യപ്പെട്ടത് പ്രകാരം നടക്കാവ് SHO യും തുടർന്ന് അസി. കമ്മീഷണർ നോർത്തും പുനരന്വേഷണം നടത്തേണ്ടതില്ലായെന്ന് കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. അന്വേഷണ ഉദ്യോഗസ്ഥൻ കോഴിക്കോട് സിറ്റി പോലീസ് അസ്സി. കമ്മീഷണർ ആയിരുന്നില്ല. |

| | | | |
|---|---|---|---|
| (സി) | ബന്ധപ്പെട്ട കോടതിയിൽ നിന്നും ഇക്കാര്യത്തിലുണ്ടായ നിർദ്ദേശം എന്തായിരുന്നു; വിശദമാക്കുമോ; | (സി) | ബഹു: ജുഡീഷ്യൽ ഒന്നാംക്ലാസ്സ് മജിസ്ട്രേറ്റ് കോടതി IV ഐസ്ക്രീം കേസുമായി ബന്ധപ്പെട്ട മറ്റു കേസ്സുകൾ അന്വേഷിക്കുന്ന പ്രത്യേക അന്വേഷണ സംഘത്തിലെ ഉദ്യോഗസ്ഥനായ താമരശ്ശേരി ഡി.വൈ.എസ്.പി. ശ്രീ. ജെയ്സൺ കെ. എബ്രഹാമിനോട് ഇതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ആവശ്യപ്പെടുകയും പ്രസ്തുത നിർദ്ദേശ പ്രകാരം കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. |
| (ഡി) | സംഭവവുമായി ബന്ധപ്പെട്ട് ഇതിനകം പുറത്ത് വന്ന പുതിയ തെളിവുകളുടെ അടിസ്ഥാനത്തിലുള്ള പുനരന്വേഷണം ഇപ്പോൾ ഏത് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിലാണ് നടക്കുന്നത്; കോടതി സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ? | (ഡി) | പുനരന്വേഷണം നടക്കുന്നില്ല. |

സെക്ഷൻ ഓഫീസർ